146 (1606) ഹോർട്ടികൾച്ചർ രംഗത്തെ പ്രവർത്തനങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ രംഗത്ത് ഇപ്പോൾ നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകന്റെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇപ്പോൾ സർക്കാർ ചെയ്തു വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പച്ചക്കറി വില്പന നടത്തുന്ന കൃഷിക്കാരും കയറ്റിറക്കു തൊഴിലാളികളും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അത് പരിഹരിക്കുവാൻ ഗ്രാമ പഞ്ചായത്തുകളുമായി കൂടി ആലോചിച്ച് സ്ഥല നിർണ്ണയം നടത്തുന്നതിന് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കശുമാവ് കൃഷി വികസന പദ്ധതി കുരുമുളക് വികസന പദ്ധതി, ഉഷ്ണ മേഖല ഫലവർഗ്ഗ വികസന പദ്ധതി, ഔഷധ സസ്യ വികസന പദ്ധതി പച്ചക്കറി വികസന പരിപാടി എന്നീ ഹോർട്ടികൾച്ചർ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) കൊയ്ത്തു കാലത്ത് നെല്ലിനുണ്ടാകുന്ന വിലയിടിവ് തടയുന്നതിന് നെല്ലുസംഭരണത്തിന് ധനസഹായം നൽകുന്നു. പച്ചക്കറി വിപണനം നടത്തുന്ന ഹരിത സംഘങ്ങൾക്ക് 20,000/- രൂപ നിരക്കിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് ധനസഹായം നൽകി വരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

147 (1609) ബി.എസ്.സി. (സി ആന്റ് ബി) ബിരുദധാരികളുടെ നിയമനം

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ബി.എസ്.സി. (സി ആന്റ് ബി) ബിരുദധാരികളെ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് ഗവൺമെന്റ് പരിഗണിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ജൂനിയർ കോപ്പറേറ്റീവ് ഇൻസ്പെക്ടർ, മിൽമയിലെ പ്രൊക്യൂർമെന്റ് ആന്റ് ഇൻസ്പെക്ടർ അസിസ്റ്റന്റ്, സഹകരണ കമേർഷ്യൽ ബാങ്കുകളിലെ ചില തസ്തികകൾ എന്നിവയിലേക്ക് ഈ യോഗ്യത അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly